"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ-LID&EW- ജീവനക്കാര്യം- ശ്രീ.അരുൺ നാരായണൻ.ജി [PEN:683971] , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാത്ത ഭാഗം റദ്ദ് ചെയ്ത് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച് നിയമനം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1689/2025/LSGD തീയതി,തിരുവനന്തപുരം, 06-07-2025

---

പരാമർശം:-
1. പ്രിൻസിപ്പൽ ഡയറക്ടറുടെ 02.06.2024 -ലെ LSGD/PD/61634/2023-DEA നമ്പർ ഉത്തരവ്.
2. ശ്രീ.അരുൺ നാരായണൻ.ജി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 30.05.2025-ലെ അപേക്ഷ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 25.06.2025-ലെ LSGD/PD/19049/2025-DEA5 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് മുൻസിപ്പൽ കോർപറേഷനിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീ.അരുൺ നാരായണൻ.ജി -യ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം KSR Part I , Annexure XII A പ്രകാരം വിദേശത്ത് മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി 24.06.2024 മുതൽ അഞ്ച് വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ വ്യക്തിപരമായ ചില കാരണങ്ങളാൽ തനിക്ക് അവധിയിൽത്തുടരാൻ ബുദ്ധിമുട്ടുള്ളതിനാൽ അനുവദിച്ച അവധി റദ്ദ് ചെയ്ത് തിരികെ ജോലിയിൽ പ്രവേശിക്കുവാൻ അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ടിയാൻ അപേക്ഷിച്ചിട്ടുണ്ട്.

2. ശ്രീ.അരുൺ നാരായണൻ.ജി 19.07.2024 -പൂർവ്വാഹ്നത്തിൽ കോഴിക്കോട് മുൻസിപ്പൽ കോർപറേഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലകളിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതാണെന്നും, അവശേഷിക്കുന്ന ശൂന്യവേതനാവധി റദ്ദ്ചെയ്ത് തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിനായി 30.05.2025- ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും

അറിയിച്ചിട്ടുള്ളതോടൊപ്പം മലപ്പുറം ജില്ലാ പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒഴിവിലേയ്ക്ക് ടിയാന് നിയമനം നൽകുവാൻ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.അരുൺ നാരായണൻ.ജി-യുടെ ശൂന്യവേതനാവധിയിലെ ഉപയുക്തമാക്കാത്ത കാലയളവ് റദ്ദ് ചെയ്തുകൊണ്ട് മലപ്പുറം ജില്ലാ പഞ്ചായത്തിൽ നിലിവുള്ള ഒഴിവിൽ നിയമനം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ശ്രീ.അരുൺ നാരായണൻ.ജി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
   ( തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 07-07-2025 09:17:59
സെക്ഷൻ ഓഫീസർ